# സിപിസിആർഐ ദേശീയ സെമിനാർ സമാപിച്ചു

കാസർകോട്● കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സിപിസിആർഐ) ബയോടെക്നോളജി-ബയോ ഇൻഫർമാറ്റിക്സ് രംഗത്തെ സാധ്യതകളും വെല്ലുവിളകളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ സമാപിച്ചു. ജനിതകമാറ്റം വരുത്തിയ വിളകളിലെ പ്രശ്നങ്ങൾ റബറിന്റെ കാര്യത്തിൽ ബാധകമല്ലെന്നു സെമിനാർ അഭിപ്രായപ്പെട്ടു. റബർ പുറത്തുനിന്നുകൊണ്ടുവന്ന വിളയാണ്. അതേ വംശത്തിൽപ്പെട്ട മറ്റു വിളകളൊന്നും നമ്മുടെ നാട്ടിലില്ല. ജനിതകമാറ്റം വഴി കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാവുമെന്നും അഭിപ്രായമുയർന്നു. ചടങ്ങിൽ സിപിസിആർഐ ഡയറക്ടർ ഡോ. പി. ചൗഡപ്പ, കേന്ദ്ര സർവകലാശാലാ ഡീൻ ഡോ. എ. തുളസീധരൻ, സിപിസിആർഐ മുൻ ഡയറക്ടർ ഡോ. ജോർജ് വി. തോമസ്, ഐഎസ്ആർഒ ശാസ്ത്രജ്ഞൻ ഡോ. ഗണേശ് രാജ്, ഡോ. മുരളീധരൻ, ഡോ. അനിത കരുൺ, ഡോ. നീമ എന്നിവർ പ്രസംഗിച്ചു.